(ഡി) 1-4-99 മുതൽ ജി. ഒ. (എം.എസ്.)20/99/ഇറി.വ.തീയതി 23-3-99 സർക്കാർ ഉത്തരവു പ്രകാരമുള്ള നിരക്കുകളാണ് നിലവിലുള്ളത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേരളാ വാട്ടർ അതോറിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല.

ഭൂഗർഭജലത്തിന് പെപ്സി, കൊക്കകോള കമ്പനികളിൽ നിന്നും ഈടാക്കുന്ന റോയൽറ്റി

58 [215] ശ്രീ. ലൂഡി ലൂയിസ് :

,, എം. മുരളി :

,, ഇ. എം. അഗസ്തി :

,, അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിയും കഞ്ചിക്കോടു ഭാഗത്ത് പെപ്സി കമ്പനിയും എടുക്കുന്ന ഭൂഗർഭ ജലത്തിനു എന്ത് റോയൽറ്റി ലഭിക്കുന്നുണ്ട്;

(ബി) റോയൽറ്റിയിനത്തിലല്ലാതെ വെള്ളമെടുക്കുന്നതിന്റെ പേരിൽ മറ്റെന്തെങ്കിലും ഇനത്തിൽ അവരിൽ നിന്ന് തുക ഈടാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

(സി) പ്രതിദിനം എത്ര വെള്ളം വീതമെടുക്കുന്നതിനാണ് ഇത്രയും തുക ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭൂജലവകുപ്പിന് റോയൽറ്റി ലഭിക്കുന്നില്ല.

(ബി) റോയൽറ്റി ഇനത്തിലും വെള്ളമെടുക്കുന്നതിന്റെ പേരിലും മറ്റെന്തെങ്കിലും ഇനത്തിൽ ഇവരിൽ നിന്നും വകുപ്പ് തുക ഈടാക്കുന്നില്ല.

(സി) ഭൂജലവകുപ്പ് തുക ഈടാക്കുന്നില്ല.

കുടിവെള്ളം കുപ്പികളിലാക്കി വില്കാൻ പദ്ധതി

59 [216] ശ്രീ. വി. കെ. സി. മമ്മത്കോയ :

,, കെ. കെ. ജയചന്ദ്രൻ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കുടിവെള്ളം കുപ്പികളിലാക്കി വിൽക്കാൻ ജല അതോറിറ്റി പുതിയ പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വാട്ടർ അതോറിറ്റി ഇതു സംബന്ധിച്ചു പരിഗണിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം സ്ഥലങ്ങളിൽ എത്ര കപ്പാസിറ്റിയുള്ള ബോട്ടിലിംഗ് പ്ലാന്റുകൾ സ്ഥാപിക്കാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി വാട്ടർ അതോറിറ്റിയുടെ പശ്ചാത്തല സൗകര്യങ്ങൾ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ വിട്ടുകൊടുക്കാൻ ഉദ്ദേശ്യമുണ്ടോ; ജിമ്മിൽ നിർദ്ദേശിച്ച പദ്ധതിയുമായി മുന്നോട്ടുപോകാൻ ഉദ്ദേശ്യമുണ്ടോ;

(ഇ) ശുദ്ധജല ദൗർലഭ്യം രൂക്ഷമായിരിക്കുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്ക് കുപ്പികളിലാക്കി വില്പന നടത്തുന്ന കുടിവെള്ളം വാങ്ങി ഉപയോഗിക്കാനുള്ള കഴിവുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(എഫ്) സംസ്ഥാനത്ത് നിലവിൽ പ്രതിദിനം എത്രകോടി രൂപയുടെ വെള്ളം കുപ്പിയിലാക്കി വില്പന നടത്തുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ മുതൽ എഫ് വരെ) കേരളാ വാട്ടർ അതോറിറ്റി നേരിട്ടു നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിവരുന്നതേയുള്ളൂ.

കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ പദ്ധതികൾ

60 [217] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ പ്രവർത്തനം ആരംഭിച്ച ശേഷം ഓരോ വർഷവും ഏതൊക്കെ പഞ്ചായത്തുകളിൽ എത്ര ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലും എത്ര പദ്ധതികൾ പുതുതായി നടപ്പിലാക്കിയെന്നും നിലവിലുള്ള എത്ര പദ്ധതികൾ പുതുക്കിയെടുത്തെന്നും വെളിപ്പെടുത്തുമോ;

(സി) ഓരോ പഞ്ചായത്തിലെയും പദ്ധതികൾക്കുവേണ്ടി വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഗുണഭോക്താക്കളുടെ എണ്ണം, പദ്ധതിക്ക് സാങ്കേതിക സഹായം നൽകിയ ഏജൻസി/സംഘടനയുടെ പേര്, സംഘടനയ്ക്ക് നൽകിയ ഫീസ് എന്നിവ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly